**ശിശുദിന സ്റ്റാമ്പ് - 2016 - ചിത്രരചനകൾ ക്ഷണിക്കുന്നു.**

ഈ വർഷത്തെ (2016) ശിശുദിന സ്റ്റാമ്പിന് അനുയോജ്യമായ ചിത്രങ്ങൾ തെരഞ്ഞെടുക്കുന്നതിനു 9 വയസ്സു മുതൽ 17 വയസ്സു വരെ പ്രായമുള്ള കുട്ടികളിൽ നിന്നും സംസ്ഥാന ശിശുക്ഷേമ സമിതി ചിത്ര രചനകൾ ക്ഷണിച്ചുകൊള്ളുന്നു. ചിത്രങ്ങൾക്ക് ജലച്ഛായം, പോസ്റ്റർ കളർ, ക്രയോൺസ്, ഓയിൽ പെയിന്റ് ഇവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാവുന്നതാണ്. പേപ്പറിന്റെ വലിപ്പം 12 x 9 സെന്റീമീറ്റർ അനുപാതത്തിൽ ആയിരിക്കണം. **'ചന്ദ്രനിലെ സ്ക്കൂളിലാണ് പഠിക്കുന്നതെങ്കിൽ'** എന്നതാണ് വിഷയം. സ്റ്റാമ്പിന്റെ വലിപ്പത്തിലേയ്ക്ക് ചിത്രം ചെറുതാക്കുന്നതു മൂലം വിശദാംശങ്ങൾ അസ്പഷ്ടമാകാൻ ഇടയുള്ളതുകൊണ്ട് ചിത്രത്തിന് തെരഞ്ഞെടുക്കേണ്ട നിറം, പശ്ചാത്തല രേഖകൾ ഇവ കൂടുതൽ സങ്കീർണ്ണമാകാതിരിക്കാൻ ശ്രദ്ധിക്കണം. തെരഞ്ഞെടുത്ത ചിത്രം വരച്ച വിദ്യാർത്ഥിക്ക് സമ്മാനവും സമ്മാനാർഹമായ വിദ്യാർത്ഥി പഠിക്കുന്ന സ്കൂളിനു റോളിംഗ് ട്രോഫിയും നൽകുന്നതാണ്. വിദ്യാർത്ഥിയുടെ പേര്, വയസ്സ്, മേൽവിലാസം, പഠിക്കുന്ന ക്ലാസ്സ് എന്നിവ ചിത്രത്തിന്റെ മറുപുറത്ത് എഴുതി സ്കൂളിലെ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് സാക്ഷ്യപ്പെടുത്തണം. ചിത്രരചനകൾ അഡ്മിനിസ്ട്രേറ്റർ & ജില്ലാ കളക്ടർ, തിരുവനന്തപുരം, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട് , തിരുവനന്തപുരം-14 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ വഴിയോ **2016 ഒക്ടോബർ 24-ാം തീയതി വരെ** എത്തിക്കാവുന്നതാണ്. കവറിനു പുറത്ത് **ചന്ദ്രനിലെ സ്ക്കൂളിലാണ് പഠിക്കുന്നതെങ്കിൽ'** എന്ന് എഴുതിയിരിക്കണം.